ശ്രീ. എ. ജെ. ജോൺ : എറണാകുളം ആശുപത്രിയിൽ രോഗികൾ കുറഞ്ഞിട്ടില്ല. കൂടിയിട്ടുണ്ടെന്നാണ് ഗവൺമെണ്ടിന്റെ അറിവ്.

Sri. P. Balakrishnan Tampi : Is it in pursuance of anti-inflation policy of the Government of India that the grant has been reduced to Rs. 15 or 20 as the case may be?

ശ്രീ. എ. ജെ. ജോൺ : അല്ല. ഇൻഫ്ലേഷൻ ഉണ്ടായതു് ഈ അടുത്ത കാലത്താണ്. ഈ ഗ്രാന്റുകൾ അനുവദിച്ചിട്ടുള്ളതു് അതിനു വളരെ മുമ്പാണ്.

കൊട്ടാരക്കര ഡിസ്പെൻസറി ആശുപത്രി

*നം ൭. (ചോ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊട്ടാരക്കര ഡിസ്പെൻസറിയിൽ ശരാശരി എത്ര രോഗികൾ ദിവസംതോറും മരുന്നു വാങ്ങിപ്പോകുന്നു;

(ബി) ഇപ്പോൾ എത്രപേരെ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ട്;

(സി) ഇപ്പോഴുള്ള സൗകര്യങ്ങൾ പൊതുജനങ്ങൾക്കു തീരെ പര്യാപ്തമല്ലെന്നു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ചോദ്യം ഉദിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കൂടുതൽ സൗകര്യങ്ങളുണ്ടാക്കാൻ വേണ്ട കെട്ടിടം പണിക്കു് നടപടികൾ എടുക്കുന്നുണ്ടു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : എത്രകാലത്തിനകം അതു ചെയ്തുതീർക്കാൻ സാധിക്കുമെന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ : അതു കൃത്യമായി പറയാൻ സാധ്യമല്ല. ധനസ്ഥിതിയനുസരിച്ചേ ചെയ്യാൻ നിവൃത്തിയുള്ളൂ.

പിന്നോക്കസമുദായക്കാർക്കു പ്രത്യേകം ആശുപത്രി

*നം ൮. (ചോ) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പിന്നോക്കസമുദായങ്ങൾ അധികമായി താമസിക്കുന്ന വല്ല പ്രദേശത്തും പ്രത്യേകം ആശുപത്രിയോ, ഡിസ്പെൻസറിയോ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം?

ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ): പിന്നോക്കസമുദായങ്ങൾ തനിച്ചു് അധികമായി താമസിക്കുന്ന സ്ഥലങ്ങളുടെ പേരുകൾ അറിയാതെ ഇതിനുത്തരം പറയാൻ നിവൃത്തിയില്ല.

*Answer to this question was laid on the table, as the questioner having exhausted his quota.

LIBRARY ARCHIVES Kerala Legislative Assembly